**ഗ്രാമന്യായാലയ കൊടുവള്ളി, താമരശ്ശേരി**
**ഹാജർ : ശ്രീ.ഗണേഷ് കുമാർ എം.എസ്., ന്യായാധികാരി**
**2026 ജൂൺ മാസം 6 തീയ്യതി**
**ST 74/2026**

| | | |
|---|---|---|
| കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച്<br>സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്,<br>താമരശ്ശേരി പോലീസ് ക്രൈം. 166/2026<br><br>(ശ്രീ. രഞ്ജിൻ ബേബി, APP) | } | പരാതിക്കാരൻ |
| ശ്രീജിത്ത് ആർ.ടി., വയസ്സ്:46<br>S/o.ശിവൻ, രാരോത്ത് വീട്<br>കട്ടിപ്പാറ, താമരശ്ശേരി | } | പ്രതി |

കുറ്റം : ഭാരതീയ ന്യായ സംഹിത 281, 125(a) വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായത്.

**വിധിന്യായം**

മേൽ നമ്പർ കേസിലെ പ്രതിക്കെതിരെ ഭാരതീയ ന്യായ സംഹിത 281, 125(a) വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യത്തിന് താമരശ്ശേരി പോലീസ് ക്രൈം. 166/2026 പ്രകാരം രജിസ്റ്റർ ചെയ്ത കേസാണിത്.

പ്രതി ഹാജരില്ല. പ്രതിയ്ക്ക് വേണ്ടി അഡ്വക്കറ്റ്.എം.ഷാജൻ ഹാജരായി. പ്രതി പേരിലുള്ള കുറ്റത്തിന്റെ വിവരങ്ങൾ ഭാരതീയ ന്യായ സംഹിത 281, 125(a) വകുപ്പുകൾ വായിച്ചു കൊടുത്തു ബോധ്യപ്പെടുത്തി. പ്രതി അപരാധിയാണെന്ന് പ്രതിക്കു വേണ്ടി അഡ്വക്കറ്റ് സമ്മതിച്ചു. പ്രതി കുറ്റസമ്മതം നടത്തിയത് സ്വമേധയാ ആണെന്ന് ഈ കോടതിക്ക് പരിപൂർണ്ണമായും ബോധ്യമായി. പ്രതിയെ കുറ്റക്കാരനാണെന്ന് കണ്ടെത്തി.

ആകയാൽ പ്രതിയെ ഭാരതീയ ന്യായ സംഹിത 281, 125(a) വകുപ്പുകൾ പ്രകാരം ₹ 1250/- (ആയിരത്തി ഇരുനൂറ്റി അൻപത്) പിഴ അടയ്ക്കുവാനും, പിഴ അടച്ചില്ലെങ്കിൽ 12 ദിവസത്തെ സാധാരണ തടവിനും, ശിക്ഷിച്ചിരിക്കുന്നു.

(ഞാൻ പറഞ്ഞു കൊടുത്ത പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ ശരിയാക്കി തുറന്ന കോടതി മുമ്പാകെ 2026 ജൂൺ മാസം 6 തീയ്യതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.)

ഒപ്പ്
ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി

//ശരിപകർപ്പ്//

ന്യായാധികാരി